ഇന്ന് കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ വികസന കേന്ദ്രങ്ങളിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള കേന്ദ്രമായി മാറിയിരിക്കുകയാണ്. 2013-14-ൽ ഈ കേന്ദ്രത്തിലെ വരുമാനം 274.84 ലക്ഷം രൂപയാണ്. മാത്രമല്ല സ്വയംസഹായ സംഘങ്ങളിലെയും ഗവേഷണ കേന്ദ്രത്തിലെ കർഷക പങ്കാളിത്ത പദ്ധതികളിലെയും അംഗങ്ങളുടെയും മറ്റുകർഷകരുടെയും വിദ്യാർത്ഥികളുടെയും സന്ദർശന കേന്ദ്രമാണ് ഇവിടം.

(ബി) ഉണ്ട്. രണ്ട് കോഴ്സുകൾ.

1. ഡിപ്ലോമ-ഇൻ-ഹോർട്ടികൾച്ചർ

2. പി.ജി. ഡിപ്ലോമ ഇൻ ഹോർട്ടികൾച്ചർ & നഴ്സറി മാനേജ്മെന്റ്

(സി) ആനക്കയം പ്രാദേശിക ഗവേഷണകേന്ദ്രത്തിൽ ഫാം ടൂറിസം ആരംഭിക്കുന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ആനക്കയം, അമ്പലവയൽ കേന്ദ്രങ്ങളിലെ കൃഷി സംബന്ധമായ ഗവേഷണങ്ങൾ

161 (7458) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ആനക്കയം, അമ്പലവയൽ കേന്ദ്രങ്ങളിൽ കൃഷി സംബന്ധമായ എന്തൊക്കെ ഗവേഷണങ്ങൾ നടക്കുന്നുണ്ടെന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ ചുമതലയുള്ളവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ആനക്കയം കേന്ദ്രത്തിന് എത്ര ഏക്കർ സ്ഥലം ഉണ്ടെന്നും എന്തൊക്കെ കാര്യങ്ങൾ ഇവിടെ ചെയ്തു എന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും കാർഷിക സർവ്വകലാശാലയ്ക്ക് എത്രരൂപയുടെ വരുമാനമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആനക്കയത്തും അമ്പലവയൽ കേന്ദ്രത്തിലും ഫാം ടൂറിസം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ചുമതല അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മുസ്തഫ കുന്നത്താടിയും അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ചുമതല പ്രൊഫസർ ഡോ. പി. രാജേന്ദ്രനും വഹിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള രേഖകൾ പ്രകാരം ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിന് 09.7920 ഹെക്ടർ സ്ഥലം ഉണ്ട്. ഈ സ്ഥലം മുഴുവനും കാർഷിക ഗവേഷണം, വിത്ത്/നടീൽ വസ്തുക്കളുടെ ഉല്പാദനം, മറ്റുകാർഷികാനുബന്ധ ഗവേഷണ വികസന പ്രവർത്തനങ്ങൾ (പഴം, പച്ചക്കറി മൂല്യവർദ്ധനവ്) എന്നിവയ്ക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

(ഡി) 1. ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽനിന്നുള്ള വരുമാനം

Year	*Revolving Funds (Rs.)*	*Miscellaneous Farm Revenue (Rs.)*	*Total Income generated (Rs.)*
2012-13	24940714	730134	25670848
2013-14	27319363	164316	27483679

2. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള വരുമാനം.

2012-13 വർഷത്തിൽ ഉള്ള വരുമാനം : 1.37 കോടി രൂപ.

2013-14 വർഷത്തിൽ വരുമാനം 2.18 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

നിലവിൽ കേരള കാർഷിക സർവ്വകലാശാലയിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന രണ്ടാമത്തെ സ്ഥാപനമാണ് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം.

(ഇ) ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഫാം ടൂറിസം ആരംഭിക്കുന്നത് ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

കുളമ്പ് രോഗം ബാധിച്ച് ചത്ത കന്നുകാലികൾക്കുള്ള നഷ്ടപരിഹാരം

162 (7459) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുളമ്പ് രോഗം ബാധിച്ച് ചത്ത കന്നുകാലികളുടെ ഉടമകൾക്ക് ഇതേവരെ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് പറയാമോ ;

(ബി) ഈ ഇനത്തിൽ ആർക്കെങ്കിലും തുക വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച് ചത്ത കന്നുകാലികളുടെ ഉടമകൾക്ക് ഇതേവരെ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly